സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

20-02-2019 ലെ G.O(P) No. 16/2019/Fin സർക്കാർ ഭേദഗതി ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2191/21/Est-I** നന്തൻകോട്, 04/04/2025

---

പരാമർശം :- (1) 20-02-2019 ലെ GO(P) 16/2019/Fin നമ്പർ ഗവൺമെന്റ് ഉത്തരവ്.

(2) ദേവസ്വം കമ്മീഷണറുടെ 06-05-2023 ലെ ROC 24697/22/Gty/FP നമ്പർ റിപ്പോർട്ട്.

(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 24-02-2025 ലെ DA 140/25/E-1 നമ്പർ റിമാർക്ക്സ്.

(4) 20-03-2025 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ മൈനർ ആയ മക്കൾക്ക് DCRG തുക ഫിക്സഡ് ഡെപ്പോസിറ്റായി ബാങ്കിൽ നിക്ഷേപിക്കുകയും കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെ ഫിക്സഡ് ഡെപ്പോസിറ്റായി സൂക്ഷിച്ചശേഷം തുക അനുവദിച്ച് നൽകുകയും ചെയ്യുന്ന നടപടിയാണ് ദേവസ്വം ബോർഡിൽ നടന്നുവരുന്നതെന്നും എന്നാൽ ടി വിഷയം പരിശോധിച്ചപ്പോൾ പരാമർശം (1) ഉത്തരവുപ്രകാരമാണ് സർക്കാർ ആഫീസുകളിൽ നടപടി സ്വീകരിക്കുന്നതെന്നും ആയതിനാൽ ടി ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിൽ വരുത്തുന്നതിന് ഒരു പൊതു ഉത്തരവിനായി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

തുടർന്ന് ടി വിഷയം സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കി (പരാമർശം -3).

ദേവസ്വം കമ്മീഷണറുടേയും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടേയും റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ

(മറുപുറം)

ഗുണഭോക്താക്കളായ പ്രായപൂർത്തിയാകാത്ത കുട്ടികൾ താമസിക്കുന്ന സ്ഥലം ഉൾപ്പെടുന്നത് ഏത് ജില്ലാ കളക്ടറുടെ/തഹസിൽദാരുടെ അധികാരപരിധിയിൽപ്പെടുന്നുവോ ആ ജില്ലാ കളക്ടറോ/തഹസിൽദാരോ നൽകുന്ന 'de-facto guardianship certificate' ഹാജരാക്കിയാൽ അവരുടെ 'Grant parents' –ന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള G.O(P) No. 16/2019/Fin തീയതി 20–02–2019, തിരുവിതാംകൂർ ദേവസ്വം ബോർഡിലും ബാധകമാക്കി ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
6. ഡയറക്ടർ, സാംസ്ക്കാരിക പുരാവസ്തു വിഭാഗം
7. ഐ.റ്റി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി

SK